പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2911 22.02.2016- ലെ മറുപടി

**നോർക്ക – റൂട്ട്സിൽ വിവിധ പ്രോജക്ടുകൾക്കായുള്ള സോഫ്റ്റ് വെയർ നിർമ്മാണം**

ചോദ്യം
**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**

ഉത്തരം
ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)*

| | | |
|---|---|---|
| (എ) നോർക്ക – റൂട്ട്സിൽ വിവിധ പ്രോജക്ടുകൾക്കായുള്ള സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിന് ടെണ്ടർ വഴിയാണോ ഏജൻസികളെ തെരഞ്ഞെടുക്കുന്നത്;<br>(ബി) ടെണ്ടറിലൂടെയല്ലാതെ ഏതെല്ലാം സോഫ്റ്റ് വെയറുകളാണ് ചെയ്തിട്ടുള്ളത്;<br>(സി) സാന്ത്വന സഹായ പദ്ധതിയുടെ സോഫ്റ്റ് വെയർ നിർമ്മാണത്തിന് ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളത്; എത്ര തുക ഇതിനായി ചെലവഴിച്ചു; സോഫ്റ്റ് വെയർ നിർമ്മാണം പൂർത്തീകരിച്ചോ; | (എ) യും (ബി) യും (സി) യും | നോർക്ക-റൂട്ട്സ് വിവിധ പ്രോജക്ടുകൾക്കായുള്ള സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിനും മെയിന്റനൻസിനുമായി കെൽട്രോണിനെയാണ് ചുമതലപ്പെടുത്താറുള്ളത്. നിലവിൽ നോർക്ക-റൂട്ട്സ് പ്രോജക്ടുകളായ സാന്ത്വന/ചെയർമാൻ ഫണ്ട്/കാരുണ്യം/എൻ.ആർ.കെ ഐ.ഡി കാർഡ്/എൻ.ആർ.കെ ഇൻഷുറൻസ് കാർഡ്/ജോബ് പോർട്ടൽ/നഴ്സിങ്ങ് റിക്രൂട്ട്മെന്റ് എന്നീ പദ്ധതികൾക്കായി സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിനും മെയിന്റനൻസിനുമായാണ് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ ആദ്യഘട്ട സോഫ്റ്റ് വെയർ നിർമ്മാണ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. രണ്ടാം ഘട്ട നവീകരണത്തിനും അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് കെൽട്രോണുമായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. നാളിതുവരെ പ്രസ്തുത സോഫ്റ്റ് വെയറുകളുടെ നിർമ്മാണത്തിനായി കെൽട്രോണിന് 47,20,559/- രൂപ നൽകിയിട്ടുണ്ട്.<br>ഇതിന് പുറമേ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിന്റെ വെബ് പോർട്ടൽ നിർമ്മിക്കുന്നതിന് സിഡ്കോയെ ചുമതലപ്പെടുത്തുകയും 9,33,735/-. രൂപ ഈയിനത്തിൽ നൽകിയിട്ടുമുണ്ട്. |
| (ഡി) സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സോഫ്റ്റ് വെയർ നിർമ്മാണത്തിന് എന്ത് തുക ചെലവായെന്ന വിവരം അറിയിക്കുമോ? | (ഡി) | പ്രതിഫല തുക നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ